# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 008/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ ഭദ്രാസനത്തിന്റെ 2022-23ലെ വാർഷിക പൊതുയോഗം 2023 ജൂലൈ മാസം 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നമ്മുടെ ഭദ്രാസന ആസ്ഥാനത്ത് വച്ച് കൂടുന്നതാണ്. ആ ഇടവകയിലെ ഭരണഘടനാനുസൃതം തിരഞ്ഞെടുക്കപ്പെട്ട വൈദികനും പ്രതിനിധികളും പള്ളിചെലവിൽ പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. ഭദ്രാസനത്തിൽ നിന്നുള്ള അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. പ്രതിനിധികൾക്കും മീറ്റിംഗ് നടത്തിപ്പിനായി പ്രത്യേകം അനുവാദം നൽകുന്നവർക്കും മാത്രമേ അന്നേദിവസം പ്രവേശന അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പ്രതിനിധികൾ വികാരിയുടെ സാക്ഷ്യപത്രവുമായി വന്ന് ഹാജർപുസ്തകത്തിൽ ഒപ്പുവച്ചതിനുശേഷം കൃത്യസമയത്ത് സമ്മേളനസ്ഥലത്ത് പ്രവേശിച്ചിരിക്കേണ്ടതാണ്.

**Agenda**

1. Prayer
2. Notice Kalpana
3. Welcome / Introduction of Assembly Members
4. Devotional Address
5. Presidential Address
6. Resolutions
7. Minutes of the Previous A.G.M.
8. Matters arised from the minutes
9. Annual Report 2022-23
10. Annual Accounts 2022-23
11. Questions / Answers on Report and Accounts
12. Development Projects
13. Appointment of Internal and External Auditors
14. Other matters by the Chair
15. Vote of thanks
16. Prayer

*Contd.....*

വാർഷിക റിപ്പോർട്ടും കണക്കും ഇടവകകളിലേക്ക് മുൻകൂട്ടി അയച്ചുതരുന്നതാണ്. പ്രതിനിധികൾ ഇടവക വികാരിയിൽ നിന്നും അത് കൈപ്പറ്റേണ്ടതും അതിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ 2023 ജൂലൈ മാസം 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പായി നമ്മുടെ ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ആ ചോദ്യങ്ങൾക്കു മാത്രമേ ഭദ്രാസനപൊതുയോഗത്തിൽ ഉത്തരം നൽകുകയുള്ളൂ.

ഭദ്രാസനത്തിലെ വൈദികരുടെ വാർഷികധ്യാനവും സമ്മേളനവും 2023 ജൂലൈ 5-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 6-ാം തീയതി വ്യാഴാഴ്ച രാവിലെ വി. കുർബ്ബാനയോടെ സമാപിക്കുന്നതാണ്. നമ്മുടെ എല്ലാ വൈദികരും പ്രസ്തുത ധ്യാനത്തിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. വാർഷികധ്യാനത്തിന് വന്ദ്യ സഖറിയ തോമസ് അച്ചൻ പുതുപ്പള്ളി, നേതൃത്വം നൽകുന്നതാണ്.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 മെയ് മാസം 31-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും